**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **29-07-2021 - ൽ മറുപടിയ്ക്ക്**

**നടപ്പിലാക്കാൻ കഴിയാത്ത നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിയമനിർമ്മാണം നടന്നിട്ടും ചട്ടങ്ങൾ രൂപീകരിക്കാത്തതിന്റെ പേരിൽ നടപ്പിലാക്കാൻ കഴിയാത്ത എത്ര നിയമങ്ങളുണ്ടെന്നും അത് ഏതെക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | നിയമനിർമ്മാണം നടന്നിട്ട് ചട്ടങ്ങൾ രൂപീകരിക്കുന്നത് അതാത് ഭരണ വകുപ്പുകളാണ്. ഭരണവകുപ്പ് തയ്യാറാക്കുന്ന കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന നിയമവകുപ്പാണ് നിർവഹിക്കുന്നത്. നിയമവകുപ്പിൽ ഒരു നിയമമാണ് ചട്ടങ്ങൾ രൂപീകരിക്കാതെയുള്ളത്. നിയമ (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതുമായി ബന്ധപ്പെട്ട 2016 - ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ്, (2016 - ലെ 21 -ാം ആക്റ്റ്) നിയമനിർമ്മാണം നടത്തിയിട്ടും ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത നിയമങ്ങൾ നടപ്പിലാക്കാൻ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതാത് ഭരണ വകുപ്പുകളാണ്. നിയമ(കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്ന തുമായി ബന്ധപ്പെട്ട 2016 - ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റിൻകീഴിൽ ( 2016 - ലെ 21 -ാം ആക്റ്റ്) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ